REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയപരിധി ബിഹാർ ഒഴികെ സംസ്ഥാനങ്ങളിൽ ഇന്ന് അവസാനിക്കും.
- രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 ലോക്സഭാ സീറ്റുകളിലേക്കു തെരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ.
- ഉഷ്ണ തരംഗത്തിന്റെ പശ്ചാത്തലത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ ജാഗ്രത നിർദേശം നൽകി.
- പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് CBI-ക്ക് കേസ് രേഖകൾ കൈമാറാതിരുന്ന സംഭവത്തിൽ മൂന്ന് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു.
- IPL ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യൻമാരായ ചെന്നൈ സൂപ്പർ കിങ്സിന് തകർപ്പൻ ജയം.

## വാർത്തകൾ വിശദമായി

ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയപരിധി ബിഹാർ ഒഴികെ സംസ്ഥാനങ്ങളിൽ ഇന്ന് അവസാനിക്കും. ബിഹാറിൽ

നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ അവസാന തീയതി നാളെയാണ്.

രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 ലോക്സഭാ സീറ്റുകളിലേക്കു തെരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. ഇതോടെ നാമ നിർദേശ പത്രികാ സമർപ്പണം ആരംഭിയ്ക്കും.

ഡസ്ക് റിപ്പോർട്ട്

വോയിസ്

17 സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ സീറ്റുകളിലേക്കാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. തമിഴ്നാട്, രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര, ബിഹാർ, പശ്ചിമ ബംഗാൾ, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, ഛത്തീസ്ഗഡ്, മിസോറാം, നാഗാലാൻഡ്, സിക്കിം, ത്രിപുര, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, പുതുച്ചേരി എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ വിധിയെഴുത്ത്. അടുത്തമാസം 19ന് വോട്ടെടുപ്പ് നടക്കും.

കേരളത്തിന് പുറമെ അസം, ബിഹാർ, ഛത്തീസ്ഗഡ്, കർണാടക, മധ്യപ്രദേശ്, മഹാരാഷ്ട്ര, മണിപ്പൂർ, രാജസ്ഥാൻ, ത്രിപുര, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, ജമ്മുകശ്മീർ എന്നിവിടങ്ങളിലാണ് രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക.

അടുത്ത മാസം നാലു വരെ പത്രിക നൽകാം. അഞ്ചിനാണ് സൂക്ഷ്മ പരിശോധന. എട്ടിന് പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ തെരഞ്ഞെടുപ്പ് ചിത്രം വ്യക്തമാകും. അടുത്ത മാസം 26-നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിനാണ്.

✪✪✪

ലക്ഷദ്വീപ് ലോക്സഭാ മണ്ഡലത്തിൽ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കാനിരിയ്ക്കേ NCP ശരത് പവാർ പക്ഷ സ്ഥാനാത്ഥിയായി നിലവിലെ MP മുഹമ്മദ് ഫൈസൽ നാമ നിർദേശ പത്രിക സമർപ്പിച്ചു.

കോൺഗ്രസ് സ്ഥാനാർത്ഥി ഹംദുല്ല സൈദും NDA സ്ഥാനാത്ഥി, NCP അജിത് പവാർ പക്ഷത്തിലെ യുസഫ് സഖാഫിയും ഇന്ന് പത്രിക നൽകും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു ഏഴാം സ്ഥാനാർത്ഥി പട്ടിക കോൺഗ്രസ് പുറത്തിറക്കി. ആർ സുധ തമിഴ്നാട്ടിലെ മയിലാടുതുറയിൽ മത്സരിക്കും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു സീറ്റ് വിഭജന വുമായി ബന്ധപ്പെട്ട് ബിഹാറിലെ മഹാസഖ്യത്തിൽ തർക്കം നിലനിൽക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾക്കിടെ കോൺഗ്രസ്, RJD നേതാക്കൾ ന്യൂഡൽഹിയിൽ യോഗം ചേർന്നു. കോൺഗ്രസ് ജനറൽ സെക്രട്ടറിമാരായ K.C വേണുഗോപാൽ, മുകുൾ വാസ്നിക്, ആർജെഡി നേതാവും ബിഹാർ മുൻ ഉപ

മുഖ്യമന്ത്രിയുമായ തേജസ്വി യാദവ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. സഖ്യം ഏറ്റവും പഴക്കമേറിയതാണെന്നും എല്ലാ സാഹചര്യങ്ങളിലും ഒരുമിച്ചാണ് നിലകൊള്ളുന്നതെന്നും യോഗത്തിന് ശേഷം തേജസ്വി യാദവ് മാധ്യമങ്ങളോട് പറഞ്ഞു. എല്ലാവർക്കും സീറ്റ് വിഹിതം ലഭിക്കുമെന്നും പ്രഖ്യാപനം ഉടൻ ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു.

അതിനിടെ, ബിഹാറിൽ BJP 17 സ്ഥാനാർത്ഥികളെയും സഖ്യ കക്ഷിയായ JDU 16 സ്ഥാനാർത്ഥികളെയും പ്രഖ്യാപിച്ചു.

✪✪✪

ഭാരത് മാതാ കീ ജയ്, ജയ് ഹിന്ദ് എന്നീ മുദ്രാവാക്യങ്ങളുമായി ബന്ധപ്പെട്ട പരാമർശത്തിൽ മുതിർന്ന CPIM നേതാവും കേരള മുഖ്യമന്ത്രിയുമായ പിണറായി വിജയനെ രൂക്ഷമായി വിമർശിച്ച് BJP.

ഒരു പ്രത്യേക സമുദായത്തിലെ ആളുകളാണ് ഈ മുദ്രാവാക്യങ്ങൾ ആദ്യം ഉയർത്തിയതെന്ന പിണറായിയുടെ പരാമർശം വിചിത്രമാണെന്ന് പാർട്ടി വക്താവ് സുധാംശു ത്രിവേദി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഈ മുദ്രാവാക്യങ്ങളെ ഒരു പ്രത്യേക സമുദായവുമായി ബന്ധപ്പെടുത്തുന്നത് ഇടതുപാർട്ടിയുടെ ഭിന്നിപ്പിന്റെ മനോഭാവമാണ് കാണിക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു.

കഴിഞ്ഞ ദിവസം മലപ്പുറത്ത് നടന്ന പൗരത്വ ഭേദഗതി നിയമ വിരുദ്ധ റാലിയെ അഭിസംബോധന ചെയ്ത പിണറായി ഈ രണ്ട് മുദ്രാവാക്യങ്ങൾ ആദ്യം ഉന്നയിച്ചത് ഒരു പ്രത്യേക

സമുദായത്തിലെ രണ്ട് ആളുകളാണെന്നും ഇത് ഉപേക്ഷിക്കാൻ RSS തയ്യാറാകുമോയെന്നും ചോദിച്ചിരുന്നു.

✪✪✪

രാജ്യത്തെ തൊഴിലില്ലായ്മ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിനെ വിമർശിച്ച് കോൺഗ്രസ്. BJP ഗവൺമെന്റിന്റെ പദ്ധതികൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടതിനാൽ രാജ്യത്തെ ജനങ്ങൾ കൃഷിയിലേക്ക് മാറുകയാണെന്ന് പാർട്ടി വക്താവ് സന്ദീപ് ദീക്ഷിത് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

ലേബർ ഫോഴ്സിന്റെ പുതിയ സർവേ പ്രകാരം 2018-19 വരെ മൂന്ന് കോടിയിലധികം ആളുകൾ കൃഷിയിലേക്ക് മാറിയെന്നും അദ്ദേഹം അറിയിച്ചു. രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് ഗണ്യമായി കുറഞ്ഞുവെന്ന നരേന്ദ്ര മോദി ഗവണ്മെന്റിന്റെ അവകാശവാദത്തെ ദീക്ഷിത് ചോദ്യം ചെയ്തു.

✪✪✪

ഉഷ്ണ തരംഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ ജാഗ്രത നിർദേശം നൽകി. മാർച്ച് മുതൽ ജൂൺ വരെ സാധാരണയിൽ കൂടുതൽ ചൂട് ഉണ്ടാകാൻ ഇടയുണ്ടെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് കണക്കിലെടുത്താണ് ജാഗ്രത നിർദേശങ്ങൾ.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്   ഒരു മാസം മാത്രം ബാക്കി നിൽക്കെ കൊണ്ടു പിടിച്ച പ്രചാരണവുമായി മുന്നേറുകയാണ് കണ്ണൂർ ലോക് സഭാ മണ്ഡലത്തിലെ മൂന്നു സ്ഥാനാർഥികളും.

കൂറ്റൻ ബോർഡുകളും ചുവരെഴുത്തുകളും കൊണ്ട് തെരഞ്ഞെടുപ്പ് രംഗം  അതിവേഗം ചൂടുപിടിക്കുകയാണ്.

കണ്ണൂർ മണ്ഡലത്തിലെ വിശേഷങ്ങളുമായി ആകാശവാണി   ജില്ലാ പ്രതിനിധി K.O.ശശിധരൻ.

...........വോയ്സ്...........

✪✪✪

കടുത്ത ത്രികോണ മൽസരം നടക്കുന്ന കാസർഗോഡ് ലോക്സഭ മണ്ഡലത്തിൽ മൂന്ന് മുന്നണികളുടെയും പ്രചാരണം ഒപ്പത്തിനൊപ്പമാണ്. 35 വർഷത്തിനു ശേഷം തിരിച്ചു പിടിച്ച മണ്ഡലം നിലനിർത്താൻ UDF-ഉം,   മണ്ഡലം തിരിച്ചു പിടിക്കാൻ L.D.F ഉം ജയം ലക്ഷ്യമിട്ട് NDAയും പ്രചാരണ രംഗത്ത് സജീവമാണ്.

അതേസമയം, ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് സംശയങ്ങളും പരാതികളും അറിയിക്കുന്നതിന് കാസർഗോഡ് കളക്ട്രേറ്റിൽ സജ്ജീകരിച്ച കൺട്രോൾ റൂമിന്റെ പ്രവർത്തനം ഊർജ്ജിതമാക്കി.

✪✪✪

അർഹരായ മുഴുവൻ വിദ്യാർഥികളെയും വോട്ടർമാരാക്കിയ രാജ്യത്തെ ആദ്യ ജില്ല എന്ന ബഹുമതി കണ്ണൂരിന്.

ജില്ലയിലെ 11 നിയമസഭ മണ്ഡലങ്ങളിലെ 115 കോളജുകളിൽ നിന്നായി 27,450 വിദ്യാർഥികളെയാണ് വോട്ടർ പട്ടികയിൽ ചേർത്തത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിലെ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ ലോഗോ എറണാകുളം ജില്ലാ കളക്ടർ NSK ഉമേഷ് പ്രകാശനം ചെയ്തു. തിരഞ്ഞെടുപ്പ് സമ്പൂർണ്ണമായും മാലിന്യ മുക്തമാക്കുക, നിരോധിത ഒറ്റത്തവണ പ്ലാസ്റ്റിക് ഉൽപന്നങ്ങളും നിരോധിത ഫ്ലക്സുകളും തിരഞ്ഞെടുപ്പിൽ ഉപയോഗിക്കാതിരിക്കുക, തിരഞ്ഞെടുപ്പ് പ്രകൃതി സൗഹൃദമാക്കുക എന്നിവയാണ് ഹരിത പെരുമാറ്റ ചട്ടത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

✪✪✪

പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർത്ഥി സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് CBI-ക്ക് കേസ് രേഖകൾ കൈമാറാതിരുന്ന സംഭവത്തിൽ മൂന്ന് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു.

ആഭ്യന്തര വകുപ്പിലെ എം സെക്ഷനിലെ ഡെപ്യൂട്ടി സെക്രട്ടറി പ്രശാന്ത്, സെക്ഷൻ ഓഫീസർ ബിന്ദു, ഓഫീസ് അസിസ്റ്റന്റ് അഞ്ജു എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്.

✪✪✪

IPL ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യൻമാരായ ചെന്നൈ സൂപ്പർ കിങ്സിന് തകർപ്പൻ ജയം. ചെന്നൈ ചിദംബരം സ്റ്റേഡിയൽ ഗുജറാത്ത് ടൈറ്റൻസിനെ 63 റൺസിനാണ് അവർ

പരാജയപ്പെടുത്തിയത്. ചെന്നൈ സൂപ്പർ കിങ്സ് ഉയർത്തിയ 207 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്ത് ടൈറ്റൻസ് നിശ്ചിത 20 ഓവറിൽ എട്ട് വിക്കറ്റിൽ നഷ്ടത്തിൽ 143 റൺസിന് പുറത്തായി.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും. ഹൈദരബാദ് രാജീവ് ഗാന്ധി അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

ലോകകപ്പ് ഫുട്ബോൾ യോഗ്യതാ രണ്ടാംപാദ മത്സരത്തിൽ ഇന്ത്യക്ക് തോൽവി. ഗുവാഹത്തിയിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് അഫ്ഗാനിസ്താനാണ് ഇന്ത്യയെ പരാജയപ്പെടുത്തിയത്. 150-ാം രാജ്യാന്തര മത്സരം കളിച്ച സുനിൽ ഛേത്രിയുടെ പെനാൽറ്റി ഗോളിൽ മുന്നിലെത്തിയ ഇന്ത്യക്ക് രണ്ടാം പകുതിയിൽ ആധിപത്യം തുടരാൻ സാധിച്ചില്ല.

ഇതോടെ ലോകകപ്പ് യോഗ്യതാ റൗണ്ടിന്റെ അടുത്ത ഘട്ടത്തിലേക്ക് മുന്നേറാമെന്ന ഇന്ത്യൻ പ്രതീക്ഷക്ക് തിരിച്ചടിയായി.

✪✪✪

അണ്ടർ ഗ്രാജ്വേറ്റ് കോഴ്സുകളിലെ പ്രവേശനത്തിനു ദേശീയ പൊതുപരീക്ഷയായ ക്യുഎറ്റ്-UG -യുടെ അപേക്ഷ ഫോം ഓൺലൈനായി സമർപ്പിക്കാൻ സമയപരിധി ഈ മാസം 31 വരെ നീട്ടി. സ്ഥാനാർഥികളിൽ നിന്നുൾപ്പെടെ തിയതി

നീട്ടണമെന്നാവശ്യപ്പെട്ട് അഭ്യർത്ഥന ലഭിച്ച സാഹചര്യത്തിലാണ് തീരുമാനമെന്ന് UGC ചെയർമാൻ എം. ജഗദേഷ് കുമാർ പറഞ്ഞു.

✪✪✪

ആരോഗ്യ വകുപ്പിന്റെ അനുമതിയില്ലാതെ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന അനധികൃത ആരോഗ്യ കേന്ദ്രങ്ങൾക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ വി.ആർ വിനോദ് അറിയിച്ചു. ജില്ലയിൽ ഗാർഹിക പ്രസവങ്ങൾ റിപ്പോർട്ടു ചെയ്യുന്ന സാഹചര്യത്തിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അക്യുപങ്ചർ ചികിത്സാ രീതിയെന്ന പേരിൽ ഒരു ചികിത്സാ വകുപ്പിന്റെയും അനുമതിയില്ലാതെ നിരവധി സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം അനധികൃത ആരോഗ്യ കേന്ദ്രങ്ങളിൽ റവന്യൂ, പൊലീസ്, ആരോഗ്യം, തദ്ദേശ ഭരണ വകുപ്പ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വരും ദിവസങ്ങളിൽ പരിശോധന നടത്തുമെന്നും കളക്ടർ പറഞ്ഞു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഗാർഹികപ്രസവങ്ങൾ മലപ്പുറം ജില്ലയിലാണ്. വളവന്നൂർ, വേങ്ങര, എടവണ്ണ ഭാഗങ്ങളിലാണ് കൂടുതൽ പ്രസവങ്ങൾ നടക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ഉയർന്ന ചൂട് തുടരുന്നു. ശനിയാഴ്ച്ച വരെ തൃശൂർ ജില്ലയിൽ താപനില 40° സെൽഷ്യസ് വരെയും, കൊല്ലം, പാലക്കാട് ജില്ലകളിൽ 39° സെൽഷ്യസ് വരെയും ഉയരാൻ

ഇടയുണ്ട്. പത്തനംതിട്ട ജില്ലയിൽ 38° സെൽഷ്യസ് വരെയും, കോട്ടയം, എറണാകുളം, കണ്ണൂർ ജില്ലകളിൽ 37° സെൽഷ്യസ് വരെയും ഉയരാനാണ് സാധ്യത. ആലപ്പുഴ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനില 36°സെൽഷ്യസ് രേഖപ്പെടുത്തുമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

പാലക്കാട് റെയിൽവേ ഡിവിഷന് കീഴിൽ ട്രാക്കിലെ അറ്റകുറ്റപണികൾ കാരണം അടുത്ത ശനിയാഴ്ചയും ഏപ്രിൽ ഒന്നിനും ഷൊർണ്ണൂർ - കോഴിക്കോട് സ്പെഷ്യൽ ട്രെയിൻ റദ്ദാക്കിയതായി റെയിൽവേ അറിയിച്ചു. ശനിയാഴ്ച കൊച്ചുവേളിയിൽ നിന്നും വൈകിട്ട് 3.45 ന് പുറപ്പെടേണ്ട കൊച്ചുവേളി -ശ്രീനഗർ പ്രതിവാര എക്സ്പ്രസ്സ് ഒരു മണിക്കൂർ വൈകിയാണ് പുറപ്പെടുക.

✪✪✪

ഇടുക്കി ലോക്സഭാ മണ്ഡലത്തിൽ പൊതുസ്ഥലങ്ങളിൽ അനധികൃതമായി സ്ഥാപിച്ച 4,547 തിരഞ്ഞെടുപ്പ് പെരുമാറ്റചട്ട ലംഘനങ്ങൾ ഫ്ളയിങ് സ്ക്വാഡും ആന്റി ഡീഫേസ്മെന്റ് സ്ക്വാഡും ചേർന്ന് നീക്കം ചെയ്തു. 3,430 പോസ്റ്ററുകളും 776 ബാനറുകളും 341 കൊടികളും നീക്കം ചെയ്തവയിൽപ്പെടുന്നു.

✪✪✪

വോട്ടവകാശത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്വീപിന്റെ

നേതൃത്വത്തിൽ വൈക്കം ബീച്ചിൽ ദീപം തെളിയിക്കൽ പരിപാടി സംഘടിപ്പിച്ചു. കോട്ടയം ജില്ലാ കളക്ടർ വി. വിഗ്നേശ്വരി പരിപാടി ഉദ്ഘാടനം ചെയ്തു.

ഗവൺമെന്റ് ജീവനക്കാർ, ജനങ്ങൾ, പൊലീസ് ഉദ്യോഗസ്ഥർ എന്നിവർ പ്ലക്കാർഡുകളും മെഴുക് തിരിയുമായി ഐ വോട്ട് ഫോർ ഷുവർ എന്ന മാതൃകയിൽ അണി നിരന്നു.

✪✪✪

കാഴ്ച ശേഷി ഇല്ലാത്തവർക്ക് ലോക്സഭ തിരഞ്ഞെടുപ്പിൽ സ്വന്തമായി വോട്ട് ചെയ്യാൻ പരിശീലനം കണ്ണൂരിൽ പുരോഗമിക്കുന്നു. ഇന്ന് തോട്ടട സമാജ് വാദി കോളനിക്ക് സമീപത്തെ KFB ഓഫീസിൽ ആണ് പരിശീലനം.

സ്വതന്ത്രമായും തടസ്സ രഹിതമായും വോട്ടു ചെയ്യുന്നതിന് ബ്രയിലി ലിപി അടയാളപ്പെടുത്തിയ EVM, വിവിപാറ്റ് വോട്ടിംഗ് യന്ത്രം പരിചയപ്പെടുത്തുന്ന പരിശീലനമാണ് സ്വീപിന്റെ നേതൃത്വത്തിൽ നടക്കുന്നത്.

✪✪✪